**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6510** 03.04.2018-ൽ മറുപടിക്ക്

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി. ഉണ്ണി<br>,, എ.എം. ആരിഫ്<br>,, എം. രാജഗോപാലൻ<br>,, യു. ആർ. പ്രദീപ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളുടെ ശോചനീയാവസ്ഥ, ശുചിത്വം തുടങ്ങിയവ മനസ്സിലാക്കുന്നതിനായി ലേബർ ക്യാമ്പുകളിൽ സന്ദർശനം നടത്താറുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് പ്രസ്തുത തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ(സാധാ) 960/2016/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽകരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും 27.03.18 വരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽകരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. കൂടാതെ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയം ഭരണവകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & |

| | | | |
|---|---|---|---|
| | | | ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഇവർക്ക് അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് സർക്കാർ സേവനങ്ങൾ, നിയമസഹായം എന്നിവ വേഗത്തിൽ ലഭ്യമാക്കുന്നതിനായി സുസാധ്യ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾക്കായി സംസ്ഥാനത്തെ 14 ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ കോർപ്പറേഷൻ മേയർ/മുനിസിപ്പൽ ചെയർമാൻ/പഞ്ചായത്ത് പ്രസിഡന്റ് സെന്റർ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ കോർപ്പറേഷൻ വാർഡ് മെമ്പർ/ മുനിസിപ്പൽ വാർഡ് മെമ്പർ/ജില്ലാ പഞ്ചായത്ത് വാർഡ് മെമ്പർ/ ബ്ലോക്ക് പഞ്ചായത്ത് വാർഡ് മെമ്പർ/ ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയം ഭരണം) 5 വീതം തൊഴിലാളി തൊഴിലുടമ പ്രതിനിധികൾ എന്നിവർ അംഗങ്ങളായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യ യാത്രാ സംബന്ധമായ എല്ലാ ആവശ്യങ്ങളിലും മാർഗ്ഗനിർദ്ദേശങ്ങളും തൊഴിൽപരമായി ആവശ്യമായ സഹായങ്ങളും ഫെസിലിറ്റേഷൻ സെന്റർ മുഖേന നൽകുന്നതിനായി ഹിന്ദി/ബംഗാളി ഭാഷകൾ നന്നായി എഴുതുവാനും വായിക്കുവാനും അതോടൊപ്പം മലയാളം സംസാരിക്കുവാനും കഴിവുള്ളവരെ ഫെസിലിറ്റേഷൻ സെന്ററുകളിൽ നിയമിക്കുന്നത് പരിഗണിച്ചുവരുന്നു. |

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ ക്ഷേമപദ്ധതികളിൽ ഇവർ സ്വമേധയാ അംഗങ്ങളാകുന്നതിന് ഇത് സംബന്ധിച്ച് എന്തെല്ലാം പ്രചരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ഡി) ആവാസ് പദ്ധതിയെ സംബന്ധിച്ച് ഇതര സംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷകളിൽ ബ്രോഷറുകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ഫ്ളക്സ് ബോർഡുകൾ സ്ഥാപിക്കുകയും വീഡിയോ ഡോക്യുമെന്ററി നിർമ്മിക്കുകയും പത്രമാദ്ധ്യമങ്ങളിൽ പരസ്യം നൽകുകയും നോട്ടീസ് ഉൾപ്പെടെ പ്രചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യവും നൽകിയിട്ടുണ്ട്. എഫ്.എം.റേഡിയോയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ പരസ്യവും നൽകി വരുന്നു. ആവാസ് പദ്ധതി സംബന്ധിച്ച വീഡിയോ ഡോക്യുമെന്ററി സംസ്ഥാനത്തെ 240 തീയേറ്ററുകളിൽ പ്രദർശിപ്പിച്ചു. ഫെയ്സ്ബുക്ക്, ട്വിറ്റർ, യൂട്യൂബ് മുതലായ സോഷ്യൽ മീഡിയകളിലൂടെ ആവാസ് പദ്ധതി സംബന്ധിച്ച ഡോക്യുമെന്ററി പ്രചരിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.